## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **01-09-2022 - ൽ മറുപടിയ്ക്ക്**

## ലഹരി കടത്ത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലം മുൻനിർത്തി വ്യാജവാറ്റും അതിർത്തി വഴിയുള്ള ലഹരി കടത്തും തടയുന്നതിന് പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഓണക്കാലം മുൻനിർത്തി വ്യാജവാറ്റ്, അതിർത്തി വഴിയുള്ള ലഹരിക്കടത്ത് എന്നിവ തടയുന്നതിന് പാലക്കാട് ഡിവിഷനിൽ ആഗസ്റ്റ് 5 മുതൽ സെപ്തംബർ 12 വരെ ഓണം സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ മദ്യം, മയക്കുമരുന്ന് തുടങ്ങിയവ കടത്തിക്കൊണ്ടുവരാൻ സാദ്ധ്യതയുള്ളതിനാൽ, അതിർത്തി കേന്ദ്രീകരിച്ച് പരിശോധനയ്ക്കായി ഹൈവേ പട്രോൾ യൂണിറ്റിനെ ചുമതലപ്പെടുത്തുകയും, ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. രാത്രി കാലങ്ങളിൽ മദ്യം, മയക്ക് മരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകളും, കൺട്രോൾ റൂമും പാലക്കാട് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. അതോടൊപ്പം താലൂക്ക് തല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകൾ സംയുക്തമായി അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. അതിർത്തി മേഖലയിലും, റെയിൽവേ സ്റ്റേഷനുകളിലും, കൊറിയർ, പാർസൽ സ്ഥാപനങ്ങളിലും പോലീസ് ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. ചിറ്റൂർ മേഖലയിൽ വ്യാജ കള്ള്, അനധികൃത ചെത്ത് എന്നിവ തടയുന്നതിനായി ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ രാത്രി കാലങ്ങളിൽ ചെത്തു തോട്ടങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ